## പതിമൂന്നാം കേരളനിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1422 — 21.03.2012 ൽ മറുപടിക്ക്

## നേപ്പിയർ മ്യൂസിയത്തിന് സമീപത്തെ പുൽത്തകിടി

ചോദ്യം
ശ്രീ.എ.കെ.ശശീന്ദ്രൻ
ശ്രീ.തോമസ് ചാണ്ടി

മറുപടി
കുമാരി.പി.കെ.ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും
യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ ) | തിരുവനന്തപുരത്ത് നേപ്പിയർ മ്യൂസിയത്തിന് സമീപത്ത് സന്ദർശകർ ധാരാളമായി എത്തി വിശ്രമിക്കുന്ന പുൽത്തകിടി കരിഞ്ഞുണങ്ങിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പുൽത്തകിടി വൃത്തിയാക്കി സൂക്ഷിക്കാനും വെള്ളം നനയ്ക്കാനുമുള്ള ജീവനക്കാരുടെ മേൽനോട്ട ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ; മേൽനോട്ട ചുമതലയുടെ അപാകതയാണ് പുൽത്തകിടിയുടെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനായി എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഗാർഡൻ സൂപ്രണ്ട്,ഗാർഡൻ ക്യൂറേറ്റർ,രണ്ടു ഗാർഡൻ സൂപ്പർവൈസർമാർ,ഹെഡ്ഗാർഡനർ എന്നിവരെയാണ് പുൽത്തകിടി വൃത്തിയാക്കാനുള്ള മേൽനോട്ടത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.ഗാർഡൻ പരിസരം വൃത്തിയാക്കാനും,ചെടികൾ പരിപാലിക്കാനും,വെള്ളം നനയ്ക്കാനും മറ്റുമായി 31 സ്വീപ്പേഴ്സിന്റേയും 47 ഗാർഡനേഴ്സിന്റേയും സേവനം ഗാർഡൻ സെക്ഷനു കൊടുത്തിട്ടുണ്ട്.ഗാർഡൻ പരിസരം നനയ്ക്കുവാൻ വെള്ളം വളരെയധികം ആവശ്യമാണ്.വേനൽകാലങ്ങളിൽ വെള്ളത്തിന്റെ ദൌർലഭ്യം അനുഭവപ്പെടുന്നുണ്ട്.എന്നാൽ ലഭ്യമാകുന്ന വെള്ളം ഉപയോഗിച്ച് ഗാർഡൻ പരിസരം നനയ്ക്കുന്നുണ്ട്.ഗാർഡൻ പുൽത്തകിടി |

| | | | |
|---|---|---|---|
| | | | കരിഞ്ഞിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ഗാർഡൻ സെക്ഷൻ ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുകയും ഗാർഡൻ സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തി ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പുൽത്തകിടിയും പരിസരവും നനയ്ക്കുന്നതിനാവശ്യമായ ജലം സംഭരിക്കുന്നതിനായുള്ള ജലസംഭരണിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (സി) | ജലം സംഭരിക്കുന്നതിനായി ഒരു ജല സംഭരണി നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ട തുക പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.പണി എത്രയും വേഗം തുടങ്ങണമെന്ന ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ജലസംഭരണിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ? | (ഡി) | പൊതുമരാമത്ത് ആവശ്യപ്പെട്ട തുക ഒടുക്കിയിട്ടുണ്ട്.എന്നാൽ നടപടിക്രമം പൂർത്തിയാക്കി ടെണ്ടർ ക്ഷണിച്ചതിനുശേഷം മാത്രമേ പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയുള്ളൂ.ആയതിനാൽ ജലസംഭരണിയുടെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്നത് കൃത്യമായി പറയുവാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ